# ഋഷീശ്വരൻ

ദക്ഷിണയായി ഞാൻ സമർപ്പിച്ച
മുളന്തണ്ടേറ്റം പ്രിയമോടെ
സ്വീകരിച്ചെൻ കർമ്മദോഷത്തിൻ
ഭാണ്ഡമേറ്റു വാങ്ങിയ ദേവന് പ്രണാമം.

ഹംസത്തെ പിൻതുടർന്നാത്മ
ജ്ഞാനത്തിന്നുറവിട-
മന്വേഷിക്കാനുപദേശിച്ച
സദ് ഗുരുവിന് പ്രണാമം.

കർത്തൃ ഭോക്തൃ ഭ്രമമകറ്റി
ജീവ ബ്രഹ്മാത്മൈക്യ
മാർഗ്ഗം കാട്ടിത്തന്ന
ഋഷീശ്വരന് പ്രണാമം.

മഹാജ്ഞാനം കൃപയോടരുളി
സംസാര ദോഷങ്ങ-
ളെന്നിൽ നിന്നകറ്റിയ
മംഗളമൂർത്തിക്ക് പ്രണാമം.

കർമ്മ-ഭക്തി-ജ്ഞാന യോഗ
മാർഗ്ഗങ്ങളനുഷ്ഠിച്ചാത്മ-
സായൂജ്യമടയാനുദ് ബോധനം ചെയ്ത
ഗുരുവിന് പ്രണാമം.

ബ്രഹ്മചര്യമാകും
യജ്ഞമനുഷ്ഠിച്ചരണ്യായകത്തി-
ലെത്തിച്ചേരേണ്ട മാർഗ്ഗം കാട്ടിയ
പരമഗുരുവിന് പ്രണാമം.

മൗനത്തിന്നാഴമാം കയങ്ങളിൽ നിമജ്ജനം
ചെയ്താത്മ ജ്ഞാനത്തിൻ മുത്തുകൾ
സ്വന്തമാക്കാൻ മൗനമായി നിമന്ത്രണം ചെയ്ത
സത്യസ്വരൂപന് പ്രണാമം.

ഇരുട്ടിന്റെ മറുകര
കാട്ടിത്തന്നെൻ ജീവിതം
ബ്രഹ്മ യജ്ഞമാക്കി മാറ്റിയ
ഗുരുഭ്യോ നമഃ

**- ഗീത. വി**